**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ നടപ്പിലാക്കൽ – പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താവുന്ന തുകയുടെ പരിധി ഗ്രാമപ്രദേശങ്ങളിൽ 40 ശതമാനമായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

സ.ഉ.(സാധാ)നം.1055/2011/തസ്വഭവ തിരുവനന്തപുരം, തീയതി:23.04.2011

പരാമർശം: 1) സ.ഉ.(എം.എസ്)നം.128/2007/തസ്വഭവ; തീയതി 14.05.20007
2) സ.ഉ.(എം.എസ്) നം.257/2009/തസ്വഭവ; തീയതി 30.12.2009
3) സ.ഉ.(എം.എസ്) നം.257/2010/തസ്വഭവ; തീയതി 06.11.2010
4) നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് (ഭാഗം–1)

## ഉത്തരവ്

ത്രിതല പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താവുന്ന തുകയുടെ പരിധി 30 ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കണമെന്ന് നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഈ ശുപാർശ സർക്കാർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

1. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താവുന്ന തുകയുടെ പരിധി 40 ശതമാനമായിരിക്കും.
2. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുവദിക്കുന്ന പൊതുവിഭാഗം വികസനഫണ്ടിൽ സാധാരണ വിഹിതം, ലോകബാങ്ക് സഹായം, പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്, പ്രത്യേക ഗ്രാന്റ് എന്നിവ ഉൾപ്പെടുന്നുണ്ടെങ്കിലും ലോകബാങ്ക് സഹായത്തിനും പ്രത്യേക ഗ്രാന്റിനും മേഖലാതല മാർഗനിർദ്ദേശങ്ങൾ ബാധകമല്ലെന്ന് വ്യക്തമാക്കുന്നു. അതായത് പൊതുവിഭാഗം ഫണ്ടിൽ നിന്ന് ഉത്പാദന, പശ്ചാത്തല മേഖലകൾക്ക് വകയിരുത്തേണ്ട വിഹിതം നിശ്ചയിക്കുമ്പോഴും ആകെ വികസനഫണ്ടിൽ നിന്ന് വനിതാ ഘടക പദ്ധതി, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ പദ്ധതി, ചേരി വികസനം മുതലായ പദ്ധതികൾക്ക് വകയിരുത്തേണ്ട വിഹിതം നിശ്ചയിക്കുമ്പോഴും ലോകബാങ്ക് സഹായവും പ്രത്യേക ഗ്രാന്റും ഒഴിവാക്കാവുന്നതാണ്.
3. മേഖലാ വകയിരുത്തൽ സംബന്ധിച്ച മറ്റ് മാർഗനിർദ്ദേശങ്ങൾ മാറ്റമില്ലാതെ തുടരുന്നതാണ്.
4. ലോകബാങ്ക് സഹായം, പ്രത്യേക ഗ്രാന്റ് എന്നിവ വികസനഫണ്ട് അനുവദനീയമായ ഏതൊരു കാര്യത്തിനും മേഖലാതല മാർഗനിർദ്ദേശങ്ങൾ ബാധകമല്ലാതെ വിനിയോഗിക്കാവുന്നതാണ്.
5. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് തുക വികസനഫണ്ട് അനുവദനീയമായ ഏതൊരു കാര്യത്തിനും മേഖലാതല മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കാവുന്നതാണ്.
6. ഈ ഉത്തരവ് പ്രകാരമുള്ള മാർഗനിർദ്ദേശങ്ങൾ 2011–12 വാർഷിക പദ്ധതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എസ്.എം. വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
8 പഞ്ചായത്ത് ഡയറക്ടർ
9 ഗ്രാമവികസന കമ്മീഷണർ
10 നഗരകാര്യ ഡയറക്ടർ
11 മുഖ്യ നഗരാസൂത്രകൻ
12 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
13 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
19 എല്ലാ ദാരിദ്ര്യലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
20 എല്ലാ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24 എല്ലാ കുടുംബശ്രീ മിഷൻ ജില്ലാ കോ–ഓർഡിനേറ്റർമാർക്കും
25 എല്ലാ ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസർമാർക്കും
26 എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
27 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്
28 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
29 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
31 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
32 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
33 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
34 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്